ദേശാഭിമാനി

25 November 2023

# കഴിക്കണ്ട, കയറ്റി അയക്കാമല്ലോ...

സ്വന്തം ലേഖിക

തിരുവനന്തപുരം

ജെല്ലിഫിഷിനെ (കടൽച്ചൊറി) ശല്യമായി കണ്ട് ഒഴിവാക്കുന്ന രീതി മത്സ്യത്തൊഴിലാളികൾക്ക് നഷ്ടം മാത്രമാണ് സൃഷ്ടിച്ചതെന്ന് അന്താരാഷ്ട്ര ജെല്ലിഫിഷ് സിമ്പോസിയം. ജെല്ലിഫിഷ് കയറ്റുമതി രംഗത്ത് ഏറെ സാധ്യതകളുള്ളതും മത്സ്യത്തൊഴിലാളികളുടെ വരുമാനം വർധിക്കാൻ സഹായിക്കുന്നതുമാണെന്ന് വിദഗ്ധർ വിലയിരുത്തി.

രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് മുതൽക്കൂട്ടാകുന്ന ഒന്നാണ് ജെല്ലിഫിഷ്. എന്നാൽ, സുസ്ഥിരപരിപാലനം, ഗുണനിലവാര നിയന്ത്രണം, ആഭ്യന്തരവിപണിയിലെ സ്വീകാര്യത എന്നിവ അനിവാര്യമാണെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നിർദേശിച്ചു. ആഗോളവിപണിയിൽ കടൽച്ചൊറി വിഭവങ്ങൾക്ക് ആവശ്യകത കൂടുതലാണ്. ഇത് മത്സ്യത്തൊഴിലാളികൾക്ക് അധികവരുമാനത്തിനുള്ള അവസരമാണ്. '2021ൽ 11,756 ടൺ ജെല്ലിഫിഷാണ് ഇന്ത്യൻ തീരത്തുനിന്ന് പിടിച്ചത്. എന്നാൽ, ഇന്ത്യയിൽ ഇവയെ ഭക്ഷണമായി കഴി



ജെല്ലിഫിഷ്

ക്കുന്ന പതിവില്ല. ഇത് പരിഹരിക്കാൻ ഇവയിലടങ്ങിയ പോഷകമൂല്യങ്ങളെക്കുറിച്ച് ബോധവൽക്കരണവും ഇവയുടെ ഉപഭോഗം പ്രോത്സാഹിപ്പിക്കാൻ നടപടികളും വേണം'– സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു. 'ജെല്ലിഫിഷ് വ്യാപാരവും ഉപജീവന മാർഗവും' എന്ന വിഷയത്തിൽ സിമ്പോസിയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

2022–23ൽ 13.12 കോടി രൂപയുടെ ജെല്ലിഫിഷാണ് ഇന്ത്യയിൽനിന്ന് കയറ്റുമതി ചെയ്തത്. ഏറിയ പങ്കും പോകുന്നത് ചൈനയിലേക്കാണ്. കയറ്റുമതി സാധ്യതകൾ സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണം നടത്തി മുന്നേറ്റമുണ്ടാക്കാനാകുമെന്നാണ് വിദഗ്ധരുടെ അഭിപ്രായം. അഞ്ചുദിവസം നീണ്ട പരിപാടി ശനിയാഴ്ച സമാപിക്കും.